# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കൽപ്പകഞ്ചേരി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSAMPM 10/1801/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 15/12/2021
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കൽപ്പകഞ്ചേരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കൽപ്പകഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൽപ്പകഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSAMPM 10/1801/2021 തീയ്യതി: 15/12/2021

## മലപ്പുറം ജില്ലയിലെ കൽപ്പകഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ കൽപ്പകഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 06-12-2019 മുതൽ 15-10-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 02-11-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ഉണ്ണി പൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 16-10-2021 | 02-11-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 16-10-2021 | 02-11-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.കെ.മൊയ്തീൻകുട്ടി | പ്രസിഡന്റ് | 01-04-2020 | 31-10-2020 |

| | | | |
|---|---|---|---|
| എന്ന ബാവ | | | |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 01-11-2020 | 20-12-2020 |
| ശ്രീമതി വഹീദ.കെ.പി | പ്രസിഡന്റ് | 21-12-2020 | 31-03-2021 |
| ശ്രീ.അബൂഫൈസൽ.കെ | സെക്രട്ടറി | 01-04-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ബാസില.സിപി | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ.ആസിഫ് ജാൻ.വി | മെഡിക്കൽ ഓഫീസർ (ആരോഗ്യം) | 01-04-2020 | 31-03-2021 |
| ഡോ.ഷിഹാബുദ്ദീൻ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2020 | 31-03-2021 |
| ശ്രീമതി രജിത.എം | വി.ഇ.ഒ | 01-04-2020 | 24-01-2021 |
| ഒഴിവ് | വി.ഇ.ഒ | 25-01-2021 | 31-01-2021 |
| ശ്രീ.രജിത് കമൽ | വി.ഇ.ഒ | 01-02-2021 | 31-03-2021 |
| ഡോ.നർഗീസ് പി. | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2020 | 18-11-2020 |
| ഡോ.അഭിലാഷ് റസാഖ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 19-11-2020 | 14-02-2021 |
| ഡോ..നർഗീസ് പി. | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 15-02-2021 | 31-03-2021 |
| ഡോ.അനു.ജി | വെറ്ററിനറി സർജൻ | 01-04-2020 | 14-07-2020 |
| ഡോ.ദിവ്യ മോഹൻ | വെറ്ററിനറി സർജൻ | 14-07-2020 | 20-07-2020 |
| ഡോ.വിമൽ.സി.വർഗീസ് | വെറ്ററിനറി സർജൻ | 21-07-2020 | 31-03-2021 |
| ശ്രീ.അമീർഷാ മുഹമ്മദ് | ഹെഡ് മാസ്റ്റർ | 01-04-2020 | 31-03-2021 |
| ശ്രീമതി.അരുണിമ.ടി.പി | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2020 | 09-11-2020 |
| ശ്രീമതി.നദീറ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 10-11-2020 | 31-03-2021 |
| ശ്രീമതി. ഷീജ.ടി.ആർ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 18-06-2020 |
| ഒഴിവ് | അസിസ്റ്റന്റ് സെക്രട്ടറി | 19-06-2020 | 25-06-2020 |
| ശ്രീമതി.സരിത.ടി.എ | അസിസ്റ്റന്റ് സെക്രട്ടറി | 26-06-2020 | 31-03-2021 |
| ശ്രീമതി.ലക്ഷ്മി.ഒ. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-01-2021 |

| | | | |
|---|---|---|---|
| ശ്രീമതി.ധന്യ.എസ്.എ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-02-2021 | 31-03-2021 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Yousuf.P (Asst. Audit Officer, On 16-10-2021)<br>Last Updated By: Unni.P (Deputy Director, On 15-12-2021) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Yousuf.P (Asst. Audit Officer, On 16-10-2021)<br>Last Updated By: Unni.P (Deputy Director, On 15-12-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Yousuf.P (Asst. Audit Officer, On 16-10-2021)<br>Last Updated By: Yousuf.P (Asst. Audit Officer, On 16-10-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം (ACR പ്രകാരം)<br>Written By: Yousuf.P (Asst. Audit Officer, On 16-10-2021)<br>Last Updated By: Rishil.P (Audit Officer, On 05-11-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Sujitha.P.K (Auditor, On 03-11-2021)<br>Last Updated By: Unni.P (Deputy Director, On 26-11-2021) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Sujitha.P.K (Auditor, On 03-11-2021)<br>Last Updated By: Yousuf.P (Asst. Audit Officer, On 03-11-2021) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Sujitha.P.K (Auditor, On 03-11-2021)<br>Last Updated By: Unni.P (Deputy Director, On 15-12-2021) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Sujitha.P.K (Auditor, On 03-11-2021)<br>Last Updated By: Sujitha.P.K (Auditor, On 03-11-2021) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Sujitha.P.K (Auditor, On 03-11-2021)<br>Last Updated By: Unni.P (Deputy Director, On 15-12-2021) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Sujitha.P.K (Auditor, On 03-11-2021)<br>Last Updated By: Sujitha.P.K (Auditor, On 03-11-2021) | 1-10 |
| 11 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Sujitha.P.K (Auditor, On 03-11-2021)<br>Last Updated By: Unni.P (Deputy Director, On 26-11-2021) | 1-11 |
| 12 | ഗ്രാന്റ് വിനിയോഗ പത്രിക അപാകത<br>Written By: Yousuf.P (Asst. Audit Officer, On 04-11-2021)<br>Last Updated By: Yousuf.P (Asst. Audit Officer, On 04-11-2021) | 1-11-1 |
| 13 | തൊഴിൽ നികുതി പിരിവിലെ അപാകതകൾ<br>Written By: Sujitha.P.K (Auditor, On 02-11-2021)<br>Last Updated By: Unni.P (Deputy Director, On 15-12-2021) | 1-12 |
| 14 | പൂർത്തീകരണ-വിനിയോഗ സാക്ഷ്യപത്രങ്ങൾ പരിശോധനക്ക് ഹാജരാക്കിയില്ല.<br>Written By: Shajahan Khuraisi (Asst. Audit Officer, On 03-11-2021)<br>Last Updated By: Unni.P (Deputy Director, On 26-11-2021) | 1-13 |
| 15 | എസ്.എസ്.എ. വിഹിതം നൽകൽ- രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്<br>Written By: Shajahan Khuraisi (Asst. Audit Officer, On 03-11-2021)<br>Last Updated By: Unni.P (Deputy Director, On 26-11-2021) | 1-14 |
| 16 | ഹോമിയോ ഹോസ്പിറ്റൽ കെട്ടിട നിർമ്മാണം - അപാകത -കരാറുകാരന് അധികം അനുവദിച്ചത് 3110 രൂപ | 1-15 |

| | | |
|---|---|---|
| | Written By: Rishil.P (Audit Officer, On 02-11-2021)<br>Last Updated By: Unni.P (Deputy Director, On 26-11-2021) | |
| 17 | കല്ലിങ്ങൾ അഗനവാടി ടൈൽ പാകൽ- ആവശ്യകതക്കനുസരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കുന്നില്ല<br>Written By: Rishil.P (Audit Officer, On 02-11-2021)<br>Last Updated By: Unni.P (Deputy Director, On 15-12-2021) | 1-16 |
| 18 | ടേക്ക് എ ബ്രേക്ക് പദ്ധതി - പൊതു ശുചി മുറികൾ PHC യിൽ സ്ഥാപിച്ചു<br>Written By: Rishil.P (Audit Officer, On 02-11-2021)<br>Last Updated By: Unni.P (Deputy Director, On 15-12-2021) | 1-17 |
| 19 | വനിത വ്യവസായ എസ്റ്റേറ്റ് - ലക്ഷങ്ങൾ മുടക്കി നിർമ്മിച്ച കെട്ടിടങ്ങൾ നാളിത് വരെ ഉപയോഗപ്പെടുത്തിയിട്ടില്ല.<br>Written By: Rishil.P (Audit Officer, On 02-11-2021)<br>Last Updated By: Unni.P (Deputy Director, On 15-12-2021) | 1-18 |
| 20 | മരാമത്ത് പ്രവൃത്തി - പൊതു അപാകതകൾ<br>Written By: Rishil.P (Audit Officer, On 02-11-2021)<br>Last Updated By: Unni.P (Deputy Director, On 26-11-2021) | 1-19 |
| 21 | ഇ. ടെണ്ടർ - ടെണ്ടർ ഫീ പഞ്ചായത്തിൽ വരവ് വന്നിട്ടില്ല<br>Written By: Rishil.P (Audit Officer, On 02-11-2021)<br>Last Updated By: Rishil.P (Audit Officer, On 02-11-2021) | 1-20 |
| 22 | പൊതുമരാമത്ത് പ്രവൃത്തികൾ- അവലോകനം<br>Written By: Rishil.P (Audit Officer, On 02-11-2021)<br>Last Updated By: Rishil.P (Audit Officer, On 03-11-2021) | 1-21 |
| 23 | അഗതി രഹിത കേരളം പദ്ധതി നടത്തിപ്പിൽ പുരോഗതി ഇല്ല.<br>Written By: Rishil.P (Audit Officer, On 03-11-2021)<br>Last Updated By: Unni.P (Deputy Director, On 15-12-2021) | 1-22 |
| 24 | ആയുർവേദാശുപത്രി നവീകരണം-സർക്കാർ അനുമതി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്<br>Written By: Shajahan Khuraisi (Asst. Audit Officer, On 04-11-2021)<br>Last Updated By: Unni.P (Deputy Director, On 15-12-2021) | 1-23 |
| 25 | രജിസ്റ്ററുകളുടെ പരിപാലനം തൃപ്തികരമല്ല<br>Written By: Rishil.P (Audit Officer, On 03-11-2021)<br>Last Updated By: Rishil.P (Audit Officer, On 03-11-2021) | 1-24 |
| 26 | ഭവന പുനരുദ്ധാരണം- പ്രൊജക്റ്റ് നിർവ്വഹണത്തിലെ അപാകത<br>Written By: Yousuf.P (Asst. Audit Officer, On 04-11-2021)<br>Last Updated By: Rishil.P (Audit Officer, On 05-11-2021) | 1-25 |
| 27 | വീടിന്റെ മേൽക്കൂര മാറ്റൽ (ജനറൽ)-പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല.<br>Written By: Yousuf.P (Asst. Audit Officer, On 04-11-2021)<br>Last Updated By: Unni.P (Deputy Director, On 15-12-2021) | 1-26 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | ഹോമിയോ ഹോസ്പിറ്റൽ കെട്ടിട നിർമ്മാണം - അപാകത -കരാറുകാരന് അധികം അനുവദിച്ചത് 3110 രൂപ<br>Written By: Rishil.P (Audit Officer, On 03-11-2021)<br>Last Updated By: Unni.P (Deputy Director, On 26-11-2021) | 3-1 |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Sujitha.P.K (Auditor, On 03-11-2021)<br>Last Updated By: Unni.P (Deputy Director, On 26-11-2021) | 4-1 |
| 2 | സംയുക്തപ്രോജക്റ്റുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Sujitha.P.K (Auditor, On 03-11-2021) | 4-2 |

| | | |
|---|---|---|
| | Last Updated By: Unni.P (Deputy Director, On 26-11-2021) | |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Sujitha.P.K (Auditor, On 03-11-2021)<br>Last Updated By: Yousuf.P (Asst. Audit Officer, On 04-11-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Sujitha.P.K (Auditor, On 03-11-2021)<br>Last Updated By: Yousuf.P (Asst. Audit Officer, On 04-11-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Sujitha.P.K (Auditor, On 03-11-2021)<br>Last Updated By: Unni.P (Deputy Director, On 15-12-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Sujitha.P.K (Auditor, On 03-11-2021)<br>Last Updated By: Yousuf.P (Asst. Audit Officer, On 04-11-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Sujitha.P.K (Auditor, On 03-11-2021)<br>Last Updated By: Unni.P (Deputy Director, On 26-11-2021) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം<br>Written By: Sujitha.P.K (Auditor, On 03-11-2021)<br>Last Updated By: Sujitha.P.K (Auditor, On 03-11-2021) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Sujitha.P.K (Auditor, On 03-11-2021)<br>Last Updated By: Yousuf.P (Asst. Audit Officer, On 04-11-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sujitha.P.K (Auditor, On 03-11-2021)<br>Last Updated By: Unni.P (Deputy Director, On 26-11-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Sujitha.P.K (Auditor, On 03-11-2021)<br>Last Updated By: Unni.P (Deputy Director, On 15-12-2021) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| 2020-21 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | ( പുതുക്കിയത് ) തീരുമാന നം./തിയ്യതി |
|---|---|
| 01/KP/10/01/84/2020/26.03.2020 | 01/KP/08/01/80/2021/23.02.2021 |

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2021 | 06.8.2021 | -- | -- |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 3,67,46,795 |
| വരവ് | 7,01,52,402 |
| ആകെ | 10,68,99,197 |
| ചെലവ് | 9,44,07,205 |
| നീക്കിയിരിപ്പ് | 1,24,91,992 |

### 1-4 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 1,46,45,937 | 1,46,45,937 | 1,23,82,770 | 22,63,167 |
| വികസനഫണ്ട് എസ്.സി.പി. | 0 | 5,04,000 | 5,04,000 | 4,97,000 | 7,000 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് (റോഡ്) | 0 | 1,63,90,000 | 1,63,90,000 | 1,45,31,331 | 18,58,669 |
| സംരക്ഷണഗ്രാന്റ് (നോൺറോഡ്) | 0 | 43,76,283 | 43,76,283 | 36,83,493 | 6,92,790 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ബേസിക്) | 0 | 97,07,989 | 97,07,989 | 77,43,906 | 19,64,083 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 0 | 58,60,000 | 58,60,000 | 0 | 58,60,000 |
| ബി ഫണ്ട് | 0 | 45,020,710 | 45,020,710 | 45,020,710 | 0 |

### 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 198 | 89387461 | 154 | 52181010 | 03 | 41 | 77.78 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

### 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1,14,414.14 | 7,70,205 | 884619.14 | 8,78,033 | 6,586.14 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 74,15,577 | 74,15,577 | 74,15,577 | 0 |

| | | | | | |
|---|---|---|---|---|---|
| ആകെ | 1,14,414.14 | 81,85,782 | 8300196.14 | 8293610 | 6,586.14 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 2160 | 03 |
| കർഷകതൊഴിലാളി പെൻഷൻ | 53700 | 13 |
| വിധവാപെൻഷൻ | 14406700 | 1031 |
| വാർദ്ധക്യകാലപെൻഷൻ | 24880700 | 1946 |
| വികലാംഗപെൻഷൻ | 5492800 | 389 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 6100 | 02 |

## 1-8 ക്യാഷ് പരിശോധന

94-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 29.10.2021 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 11724/- രൂപയുടെ നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

കൽപകഞ്ചേരി ഗ്രാമ പഞ്ചായത്തിൽ 4 വർഷമായി സ്ഥിരം അസി.എഞ്ചിനീയറുടെ സേവനം ലഭ്യമല്ല. അതുകൊണ്ട് തന്നെ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ പ്രവർത്തനത്തിൽ പോരായ്മകളുണ്ട് (ഖണ്ഡിക 1(16) കാണുക). വർക്കിംഗ് ഗ്രൂപ്പ് മിനട്സുകളിലും പഞ്ചായത്ത് കമ്മിറ്റി മിനസ്സ് ബുക്കിലും സ്റ്റാറ്റസ് റിപ്പോർട്ടിലും ഗ്രാമ പഞ്ചായത്തിന് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലെ കെട്ടിടങ്ങളിലും ഗ്രാമ പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള അംഗനവാടികളിലും അറ്റകുറ്റ പണികൾ നടത്തുന്നതിന് പരാമർശങ്ങൾ ധാരാളം ഉൾപ്പെട്ടിട്ടുണ്ടെങ്കിലും പദ്ധതികൾ തയ്യാറാക്കുമ്പോൾ കെട്ടിടങ്ങളിൽമേലുള്ള അറ്റകുറ്റ പണികൾക്ക് പ്രാധാന്യം നൽകുന്നില്ല. 95 ശതമാനവും റോഡ് പ്രവൃത്തികൾക്ക് മുൻഗണന നൽകി പദ്ധതികൾ തയ്യാറാക്കുന്നതായി കാണുന്നു. വർക്കിംഗ് ഗ്രൂപ്പുകൾ ഉണ്ടാക്കുന്ന സ്റ്റാറ്റസ് റിപ്പോർട്ടിൽ പരാമർശിച്ച പോരായ്മകൾ പരിഹരിക്കുന്നതിനാണ് അതാത് മേഖലകളിലെ പ്രോജക്ടുകൾ തയ്യാറാക്കുന്നത്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ തൻ വർഷത്തിൽ സ്റ്റാറ്റസ് റിപ്പോർട്ടിൽ കണ്ടെത്തിയ പോരായ്മകൾ പരിഹരിക്കുന്നതിനാവശ്യമായ പദ്ധതികൾ തയ്യാറാക്കിയതായി കാണുന്നില്ല. പ്രവൃത്തി സ്ഥലങ്ങൾ നേരിട്ട് പരിശോധന നടത്തി ആവശ്യകതക്കനുസരിച്ച് പദ്ധതികൾ തയ്യാറാക്കുന്നില്ല. പ്രവൃത്തികളുടെ ഗുണ നിലവാരം ഉറപ്പു വരുത്തുന്നതിന് വർക്കിംഗ് ഗ്രൂപ്പുകളുടെ ഭാഗത്തു നിന്നും ഇടപെടലുകൾ ഉണ്ടാവുന്നില്ല. നിർമ്മാണം പൂർത്തീകരിച്ച് 17 വർഷം കഴിഞ്ഞിട്ടും വനിത ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് ഉപയോഗപ്പെടുത്തുവാൻ ഗ്രാമ പഞ്ചായത്തിന് നാളിത് വരെ സാധിച്ചിട്ടില്ല എന്നത് ഭരണ സമിതികളുടെ ഭാഗത്തു നിന്നുള്ള ഗുരുതരമായ വീഴ്ചയാണ്. വനിത ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലേക്ക് വൈദ്യുതി, കുടിവെള്ളം എന്നിവ എത്തിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. വനിതകൾക്കും യാത്രക്കാർക്കും വേണ്ടിയുള്ള ടേക്ക്-എ-ബ്രേക്ക് പദ്ധതി പ്രകാരമുള്ള പൊതു ശുചി മുറികൾ പൊതു സ്ഥലത്ത് സ്ഥാപിക്കുന്നതിന് പകരം പൊതു ജനങ്ങൾക്ക് എത്തിപ്പെടാൻ പ്രയാസമേറിയ പ്രൈമറി ഹെൽത്ത് സെന്ററിനകത്ത് സ്ഥാപിച്ചത് ശരിയായ നടപടിയല്ല. അഗതി രഹിത കേരളം പദ്ധതിയിൽ കാര്യമായ പുരോഗതി കൈവരിച്ചിട്ടില്ല. രജിസ്റ്ററുകളുടെ പരിപാലനത്തിൽ വീഴ്ചകൾ സംഭവിച്ചിട്ടുണ്ട് (ഖണ്ഡിക 1(24)കാണുക).

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് | 08.09.2021 | 2021- | 08.09.2021 |

| | | | |
|---|---|---|---|
| ഓഡിറ്റ് | | ഫെബ്രുവരി,മാർച്ച്,ഏപ്രിൽ,മെയ്,ജൂൺ,ജൂലൈ | |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 20.11.2012, 14.12.2012 | 2007-08, 2011-12 | 16.02.2013 |

## 1-11 വാർഷിക കണക്കിലെ അപാകതകൾ

1. ബാങ്ക് ബുക്കുകൾ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

3.ലോൺ രജിസ്ററർ രേഖപ്പെടുത്തലുകൾ നടത്തി സൂക്ഷിച്ചിട്ടില്ല

4.ഡെപ്പോസിറ്റ് രജിസ്ററർ വർഷം തിരിച്ച് വിവരം രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.

5.അഡ്വാൻസ് രജിസ്റ്ററിൽ വിവരം പൂർണ്ണമായി രേഖപ്പെടുത്തുന്നില്ല. ഉദാ:-2018-19 ന് ശേഷം ഫെസ്റ്റിവൽ അഡ്വാൻസ് രേഖപ്പെടുത്തിയിട്ടില്ല.

6. 2019-20 B-15 ഷെഡ്യൂൾ പ്രകാരം ലൈബ്രറി കരം ഉൾപ്പെടെ വസ്തു നികുതി കുടിശ്ശിക 3644 രൂപ മാത്രമാണ്. എന്നാൽ ലഭ്യമാക്കിയതും 12.7.21ലെ എ4-3691/2021നം.കത്ത് പ്രകാരം പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർക്ക് നൽകിയതുമായ തൻവർഷ സഞ്ചയ ഡി.സി.ബി പത്രിക പ്രകാരം അരിയർ വസ്തു നികുതി ലൈബ്രറി കരം ഉൾപ്പെടെ 48422 രൂപ കളക്ഷൻ ഉണ്ട്.

7.ബാലൻസ് ഷീറ്റ് (B-9) പ്രകാരം 2017-18 മുതൽ 34302രൂപയും തൻവർഷം 560രൂപയുംകൂടി ആകെ 34862രൂപ Stale Cheque ബാധ്യത നില നിൽക്കുന്നു. പ്രസ്തുത ചെക്കുകൾ റീ വാലിഡേറ്റ് ചെയ്ത് തുക പിൻവലിക്കപ്പെട്ടിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിന് രേഖകൾ ലഭ്യമാക്കിയിട്ടില്ല.

8. NREGA -മെറ്റീരിയൽ വർക്കുകളുടെ മൂല്യം 3730689രൂപയാണ്.2290898രൂപ മാത്രമാണ് കാപിറ്റൽ എക്സ്പെൻഡിച്ചറിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.
9. സംയുക്ത പദ്ധതികൾക്ക് ബ്ലോക്ക് പഞ്ചായത്ത് വിഹിതം വരവ് ചെലവ് വിവരം താഴെ കൊടുക്കുന്നു.

| OB | വരവ് | ആകെ | ചെലവ് (IKM പത്രിക പ്രകാരം) | ബാലൻസ് |
|---|---|---|---|---|
| 895157 | 2099910 | 2995067 | 1838557 | 1156510 |

എന്നാൽ B-4 ഷെഡ്യൂൾ പ്രകാരം ബാലൻസ് 1195157 രൂപയാണ്. വ്യത്യാസം 38647.
10.മുൻ വർഷ വാർഷിക കണക്ക് അപാകതകൾ പരിഹരിക്കുന്നതിന് ഓഡിറ്റ് അന്വേഷണം (6/29.10.21) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-11-1 ഗ്രാന്റ് വിനിയോഗ പത്രിക അപാകത

1. വികസന ഫണ്ട് ജനറൽ : ആകെ ചെലവ് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുമായി (എ.സി.ആർ)

പൊരുത്തപ്പെടുന്നില്ല.

സ്റ്റേറ്റ്മെന്റ് പ്രകാരം : 1,36,09,170

എ.സി.ആർ പ്രകാരം : 1,23,82,770

2.സി.എസ്.എസ്. : മുൻ ബാക്കിയും തൻ വർഷ വരവും 0 ആണ്. എന്നാൽ 1141190രൂപ പദ്ധതി

ചെലവുണ്ട്. ആയതിനാൽ ബാലൻസ് -1141190 എന്നമാണ് പത്രികയിലുള്ളത്.

3.എസ്.എസ്.എസ് : മുൻ ബാക്കിയും തൻ വർഷ വരവും 0 ആണ്. എന്നാൽ 881660രൂപ പദ്ധതി

ചെലവുണ്ട്. ആയതിനാൽ ബാലൻസ് -881660 എന്നമാണ് പത്രികയിലുള്ളത്.

## 1-12 തൊഴിൽ നികുതി പിരിവിലെ അപാകതകൾ

1.സ്ഥാപന തൊഴിൽ നികുതി അടവാക്കിയില്ല.

തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ചുവടെ കാണിച്ച

സ്ഥാപനങ്ങൾ 2020-21സാമ്പത്തികവർഷം സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|

| | | |
|---|---|---|
| 1 | റഹ്മാനി പ്രൈമറി സ്കൂൾ, രണ്ടത്താണി | I & II |
| 2 | ഇബ്സൺസ് പ്രൈ. ഐ.റ്റി.ഐ &കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കൽപ്പകഞ്ചേരി | I & II |
| 3 | ആലിയ ഇംഗ്ലീഷ് സ്കൂൾ | I & II |
| 4 | അൽ-മനാർ ഹയർ സെക്കണ്ടറി സ്കൂൾ, രണ്ടത്താണി | I & II |
| 5 | ഹൃദ ഫിസിയോ തെറാപ്പി ക്ലിനിക്ക് | I & II |
| 6 | സൈലൂൺ ഇന്റർനാഷണൽ ഗേൾസ് സ്കൂൾ, | II |
| 7 | ബെഫാക്കി യതീംഖാനാ ആർട്സ് & സയൻസ് കോളേജ് ഫോർ വുമൺ | I & II |
| 8 | ബെഫാക്കി യതീംഖാനാ പ്രൈ. ഐ.റ്റി.ഐ | I & II |

2.ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർ തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1 | റഹ്മാനി പ്രൈമറി സ്കൂൾ, രണ്ടത്താണി (ക്ലർക്ക് ഒഴികെയുള്ളവർ) | I & II |
| 2 | ഇബ്സൺസ് പ്രൈ. ഐ.റ്റി.ഐ &കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കൽപ്പകഞ്ചേരി | I |
| 3 | ബെഫാക്കി യതീംഖാനാ പ്രൈ. ഐ.റ്റി.ഐ | II |
| 4 | വി.ഇ.ഒ | I |
| 5 | അൽ-മനാർ ഹയർ സെക്കണ്ടറി സ്കൂൾ, രണ്ടത്താണി | I |

3.ഗ്രാമ പഞ്ചായത്തിൽ ജോലി ചെയ്തിരുന്ന താഴെ പറയുന്ന ദിവസ വേതന ജീവനക്കാർ തൊഴിൽ

നികുതി അടവാക്കിയിട്ടില്ല.

| ക്രമ നമ്പർ | പേര്,തസ്തിക | ഒന്നാം അർദ്ധവർഷ വരുമാനം | രണ്ടാം അർദ്ധവർഷ വരുമാനം | ഒന്നാം അർദ്ധവർഷ നികുതി | രണ്ടാം അർദ്ധവർഷ നികുതി |
|---|---|---|---|---|---|
| 1 | ഷാഹിദ് പി.ജെ, ഡ്രൈവർ | 112970 | 107640 | 1000 | 1000 |
| 2 | ജാഫർ അലി,3rd Grade Overseer | 108242 | 118628 | 1000 | 1000 |
| | ആകെ | | | 2000 | 2000 |

മേൽ അപാകതകൾ കാണിച്ച് ഓഡിറ്റ് എൻക്വയറി (നം.2/23.10.2021) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സ്ഥാപനങ്ങളുടെയും ജീവനക്കാരുടെയും തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-13 പൂർത്തീകരണ-വിനിയോഗ സാക്ഷ്യപത്രങ്ങൾ പരിശോധനക്ക് ഹാജരാക്കിയില്ല.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെപ്പറയുന്ന പ്രൊജക്ടുകളുടെ രേഖകൾ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല.

| | പ്രൊജക്ട് | ബിൽ/വൗച്ചർ നമ്പർ | തുക | ഹാജരാക്കേണ്ട രേഖകൾ |
|---|---|---|---|---|
| 1 | സ്ലീറ്റ് മെയിൻ വലിക്കൽ<br>നം : 198/2021 | 38/28-04-2020 | 5,70,000 (ധനകാര്യ കമ്മീഷൻ അവാർഡ്) | KSEB സെക്ഷൻ കടുങ്ങാത്ത്കുണ്ടിൽ നിന്നും രശീതി,<br>പൂർത്തീകരണ-വിനിയോഗ സാക്ഷ്യപത്രങ്ങൾ |
| 2 | ജലജീവൻ മിഷൻ-ഗാർഹിക കണക്ഷൻ-പഞ്ചായത്ത് വിഹിതം<br>263/2021 | 171/09-02-2021 | 22,46,522 (ധനകാര്യ കമ്മീഷൻ അവാർഡ്) | KWAയിൽ നിന്നും രശീതി,<br>പൂർത്തീകരണ-വിനിയോഗ സാക്ഷ്യപത്രങ്ങൾ |
| 3 | കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടർ വാങ്ങൽ<br>176/2021 | 22000722/<br>22-01-2021 | 1,60,516 (തനത് ഫണ്ട്) | കെൽട്രോണിൽ നിന്നും കമ്പ്യൂട്ടർ ലഭ്യമായതിൻ്റെയും, വിതരണം ചെയ്തതിൻ്റെയും രേഖകൾ |
| | | ആകെ | 29,77,038 | |

03/20-21/28-10-2021 -ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകി രേഖകൾ ആവശ്യപ്പെട്ടെങ്കിലും രേഖകൾ ലഭ്യമാക്കിയിട്ടില്ല. 29,77,038 രൂപ തടസ്സം ചെയ്യുന്നു.

## 1-14 എസ്.എസ്.എ. വിഹിതം നൽകൽ- രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്

പ്രൊജക്ട് : എസ്.എസ്.എ. വിഹിതം നൽകൽ

നം : S001/2021

അടങ്കൽ - 11,97,000 (വികസന ഫണ്ട്)

ബിൽ നം. 48/18-05-2020 : 9,50,000

ബിൽ നം. 102/24-09-2020 : 2,47,000

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

ജി.ഒ (എം.എസ്) 11/2018 തി. 29.01.18, ഖണ്ഡിക 7-6(3) പ്രകാരം എസ്.എസ്.എ യും തദ്ദേശ സ്വയംഭരണ സ്ഥാപനവും ചേർന്നാണ് അതാത് സ്ഥാപനത്തിന്റെ എസ്.എസ്.എ. പ്രൊജക്ട് തയ്യാറാക്കേണ്ടത്. ഈ പ്രൊജക്ടുകളുടെ വിശദാംശങ്ങൾ തയ്യാറാക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനം മുഖ്യ പങ്ക് വഹിക്കേണ്ടതാണ്. ഇപ്രകാരം നടപടികൾ സ്വീകരിച്ചതിൻ്റെ വിവരം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം 11,97,000 രൂപ എസ്.എസ്.എ ജില്ലാ ഓഫീസ്, മലപ്പുറത്തിന് നൽകിയിട്ടുണ്ട്. ആയതിൻ്റെ രശീതി, പഞ്ചായത്ത് പരിധിയിൽപ്പെട്ട സ്കൂളുകളിൽ തുക ചെലവഴിച്ചതിന്റെ വിശദ വിവരങ്ങൾ ഉൾക്കൊള്ളുന്ന വിനിയോഗ സാക്ഷ്യ പത്രം എന്നിവ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. ആയവ ലഭ്യമാക്കുന്നതിന് നൽകിയ 04/20-21/28-10-2021-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക 11,97,000 രൂപ തടസ്സം ചെയ്യുന്നു.

## 1-15 ഹോമിയോ ഹോസ്പിറ്റൽ കെട്ടിട നിർമ്മാണം - അപാകത -കരാറുകാരന് അധികം അനുവദിച്ചത് 3110 രൂപ

നിർവഹണ ഉദ്യോഗസ്ഥൻ – അസി.എഞ്ചിനീയർ

പ്രൊജക്ട് നം : 213/21

അടങ്കൽ : 44,00,000 (TS No.111410/2018/19)

ഫണ്ട് : CSR Fund (Airport Authority) – 42,00,000

Own Fund - 2,00,000

ചെലവ് : 38,13,472

ചെക്ക് നമ്പർ - 067169/27.1.20 – 1541009 (CSR Fund)

067188/28.7.20 – 600494 (Own Fund)

226826/14.10.20 – 249677 (CSR Fund)

270734/22.1.21 – 1422292 (CSR Fund)

കരാർ നം : AE/LSGD/KLPY/175/18-19 തീയ്യതി.8.3.19

എംബുക്ക് നം: 160/19-20,161/19-20,162/19-20,165/19-20,

DSOR : 2016 Coi.37.25%

കരാറുകാരൻ : സൈതാലിക്കുട്ടി

Esti. No.- 2018/127493

മേൽ പ്രവൃത്തി ഗ്രാ പ. ഓവർസിയറുടെ (അസി.എഞ്ചിനീയർ ചുമതലപ്പെടുത്തിയ) സാന്നിദ്ധ്യത്തിൽ 30.10.21 ന് നേരിൽ പരിശോധിച്ചു. കെട്ടിടത്തിൽ MS ബാർ (Welded Grill Type) കൊണ്ടുള്ള ജനവാതിലുകൾ ചെയ്തതിനും കെട്ടിടത്തിന് മുന്നിൽ ഗേറ്റ് നിർമ്മിച്ചതിനും പ്രവൃത്തിയുടെ ഇനം 51 പ്രകാരം DSR Code 9.48.1 പ്രകാരമുള്ള നിരക്ക് അനുവദിച്ച് താഴെ പറയും പ്രകാരം തുക നൽകിയിട്ടുണ്ട് (അളവ് പുസ്തകം 162/19-20 പേജ് 45).

773.69 Kg X 110/kg (143.63/kg-23.42%Tender Below)= 85105.9

ബിൽഡിംഗുമായി ബന്ധപ്പെട്ട വിൻഡോ പ്രവർത്തികൾക്കും മറ്റുമാണ് DSR Code 9.48.1 ഇനം അനുവദിക്കാവുന്നത്. ഈ പ്രവൃത്തിയിൽ സ്ക്വയർ GI പൈപ്പ് ഉപയോഗിച്ച് കൊണ്ട് ഗേറ്റ് ഉണ്ടാക്കിയതിനും ഈ നിരക്ക് അനുവദിച്ചു. Gate പ്രവൃത്തികൾക്ക് അനുവദിക്കാവുന്നത് DSR Code 10.25.2 പ്രകാരമുള്ള നിരക്കാണ് . ആയതിനാൽ ഗേറ്റ് നിർമ്മിച്ചതിന് അനുവദിക്കാവുന്ന നിരക്ക് 117.96/kg ആണ്. ഇത് പ്രകാരം കരാറുകാരന് അനുവദിക്കാവുന്ന തുക താഴെ പറയുന്നു.

615.58 Kg X 110/kg = 67713.80

158.11kg (ഗേറ്റ്)x 90.33/kg (117.96/kg-23.42%Tender Below) = 14282.07

ആകെ - 81995.87

കരാറുകാരന് അധികം അനുവദിച്ചത് = 3110 (85105.9 - 81995.87)

CSR ഫണ്ട് ഇനത്തിൽ ലഭ്യമായിട്ടുള്ളത് 33,98000 രൂപയാണ് (RT No.119030400001/1.4.19-20,78000 രൂപ, 118130900052/28.11.18-13,20000 രൂപ). പദ്ധതിക്ക് വകയിരിത്തിയതിലും കൂടുതൽ തുക തനത് ഫണ്ടിൽ നിന്നും അനുവദിച്ചു.

മേൽ അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 13 /1.11.21) മറുപടി ലഭ്യമാക്കിയില്ല. പ്രവൃത്തിയിൽ അധികമായി അനുവദിച്ച 3110 രൂപ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസി.എഞ്ചിനീയറിൽ നിന്നും അംഗീകാരം നൽകിയ അസി.എക്സി.എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-16 കല്ലിങ്ങൾ അഗനവാടി ടൈൽ പാകൽ- ആവശ്യകതക്കനുസരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കുന്നില്ല

നിർവഹണ ഉദ്യോഗസ്ഥൻ – അസി.എഞ്ചിനീയർ

പ്രോജക്റ്റ് നം - 85/21

ഫണ്ട് - MG(NR)

അടങ്കൽ - 1,00,000 (TS-84770/19-20)

ബിൽ നമ്പർ - 95/13.3.21

മൂല്യ നിർണ്ണയം - 86243

അളവ് പുസ്തകം- 365/19-20

കരാറുകാരൻ - മുഹമ്മദ് ബഷീർ.P

കരാർ. AE/LSGD/KLPY/48/19-20 Dtd.18.12.19

Esti.No- 2019/118356

Cost Index – 31.06 (2016 DAR)

മേൽ പ്രവൃത്തി ഗ്രാ പ. ഓവർസിയറുടെ (അസി.എഞ്ചിനീയർ ചുമതലപ്പെടുത്തിയ) സാന്നിദ്ധ്യത്തിൽ 30.10.21 ന് നേരിൽ പരിശോധിച്ചു. 86243 രൂപ മൂല്യ നിർണ്ണയത്തിൽ പ്രവൃത്തിയിൽ താഴെ പറയുന്ന ഇനങ്ങൾ ചെയ്തിട്ടുണ്ട്.

| ഇനം | അളവ് | തുക |
|---|---|---|
| Floor Tiles | 44.23m2 | 57298.20 |
| Ceramic Tiles (Bathroom) | 8 M2 | 7809.04 |
| Paving Block | 14.76 M2 | 11910.43 |
| | | 77018 |
| | | 77003 (- Tender Below 0.02%) |
| | | 9240 (+ 12% GST) |
| | | 86243 |

കെട്ടിടത്തിന്റെ ആവശ്യകതക്കനുസരിച്ചല്ല എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത് എന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു. കെട്ടിടത്തിനുള്ളിലെ ജനവാതിലുകളും വെന്റിലേറ്ററുകളും കാലപ്പഴക്കം കാരണം ദ്രവിച്ച് പോയിട്ടുണ്ട്. വാതിൽ ജീർണ്ണാവസ്ഥയിലാണ്. ടോയ്ലറ്റ് ടാങ്ക് പൊട്ടിപോയിട്ടുണ്ട്. ഇത്തരം ഒരു അവസ്ഥയിൽ അടിസ്ഥാന ആവശ്യങ്ങൾ പരിഹരിക്കുന്നതിന് മുൻഗണന കൊടുത്ത് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് പകരം ടൈൽ പാകി മുറ്റത്ത് കട്ട വിരിച്ച് കെട്ടിടത്തിന് മോടി കൂട്ടുകയാണ് പ്രവൃത്തിയിൽ ചെയ്തിട്ടുള്ളത്. ടോയ്ലറ്റ് ടാങ്ക് പൊട്ടിപോയ വിവരവും കെട്ടിടത്തിനുള്ളിലെ ജനവാതിലുകളും വെന്റിലേറ്ററുകളും കാലപ്പഴക്കം കാരണം ദ്രവിച്ച് പോയ വിവരവും കെട്ടിടത്തിലെ പ്രവൃത്തിക്ക് വേണ്ടി എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് മുമ്പ് ഗ്രാമ പഞ്ചായത്തിൽ അറിയിച്ചതായി അംഗനവാടി ടീച്ചർ നേരിൽ അറിയിച്ചു. മേൽ അടിസ്ഥാന ആവശ്യങ്ങൾ പരിഹരിക്കുന്നതിന് ഗ്രാമ പഞ്ചായത്തിന്റെ ഭാഗത്ത് നിന്നും നടപടിയുണ്ടായില്ല. കെട്ടിടത്തിന് വേണ്ട അടിസ്ഥാന ആവശ്യങ്ങൾ ഉറപ്പ് വരുത്തുന്നതിന് ഗ്രാമ പഞ്ചായത്തിന്റെ ഭാഗത്ത് നിന്നും പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ ഭാഗത്തു നിന്നും കെട്ടിടത്തിന്റെ സ്ഥിതി നേരിൽ പരിശോധിക്കാതെ എസ്റ്റിമേറ്റ് തയ്യാറാക്കിയ എഞ്ചിനീയറിംഗ് ഭാഗത്ത് നിന്നും വീഴ്ചയുണ്ടായി.

വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 15/1.11.20 ) മറുപടി ലഭ്യമാക്കിയില്ല. ഭാവിയിൽ ഇത്തരം അപാകതകൾ ഉണ്ടാവാതിരിക്കാൻ ഭരണ സമിതിയുടെ ഭാഗത്ത് നിന്നും ആവശ്യമായ നടപടികൾ ഉണ്ടാകേണ്ടതാണ്. കൂടാതെ പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതും എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിൽ കൃത്യമായ നടപടിക്രമം പാലിക്കാൻ എഞ്ചിനീയറിംഗ് വിഭാഗം ശ്രദ്ധിക്കേണ്ടതുമാണ്.

## 1-17 ടേക്ക് എ ബ്രേക്ക് പദ്ധതി - പൊതു ശുചി മുറികൾ PHC യിൽ സ്ഥാപിച്ചു

നിർവഹണ ഉദ്യോഗസ്ഥൻ- അസി.എഞ്ചിനീയർ

പ്രോജക്റ്റ് നം - 251/21

ഫണ്ട് - State Sponsered Scheme Fund

അടങ്കൽ - 4,00,000 (TS-79781/2020-21)

ചെക്ക് നമ്പർ - 312538/31.3.21

മൂല്യ നിർണ്ണയം - 381660

അളവ് പുസ്തകം- 164/19-20

കരാറുകാരൻ - മാധവൻ.CP

കരാർ. AE/LSGD/KLPY/46/19-20 Dtd.5.2.21

Esti.No- 2020/124970

Cost Index – 31.06 (2016 DAR)

സർക്കുലർ നമ്പർ DB5/7507/11/CE/LSGD തി. 24.9.20 നമ്പർ സർക്കുലർ പ്രകാരം സ്ത്രീകൾക്കും യാത്രക്കാർക്കും ഉപയോഗിക്കാൻ സാധിക്കുന്ന തരത്തിൽ വൃത്തിയും ശുചിത്വവും സുരക്ഷിതത്വവുമുള്ള പൊതു ശുചിമുറികൾ 2020-21 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്നതിന് എല്ലാ ത.സ്വ.ഭ.സ്ഥാപനങ്ങൾക്കും നിർദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ കൽപ്പകഞ്ചേരി ഗ്രാമ പഞ്ചായത്ത് 3,81,660 രൂപ മൂല്യ നിർണ്ണയത്തിൽ ശുചിമുറികൾ ഉണ്ടാക്കിയിട്ടുണ്ട്. എന്നാൽ നിലവിൽ ഗ്രാമ പഞ്ചായത്തിലെ പ്രൈമറി ഹെൽത്ത് സെന്റർ സ്ഥിതി ചെയ്യുന്ന കോമ്പൗണ്ടിനകത്താണ് ടേക്ക് എ ബ്രേക്ക് പദ്ധതിപ്രകാരമുള്ള 4 ശുചി മുറികൾ സ്ഥാപിച്ചിട്ടുള്ളത്. ഇതിന്റെ അടുത്ത് തന്നെ PHC യുടെ ശുചിമുറികൾ ഉണ്ട്. നിലവിൽ രണ്ടത്താണി വാര്യയത്ത് എന്ന സ്ഥലത്താണ് പ്രൈമറി ഹെൽത്ത് സെന്റർ സ്ഥിതി ചെയ്യുന്നത്. പൊതു ജനങ്ങൾക്ക് എത്തിപ്പെടാൻ ബുദ്ധിമുട്ടേറിയ ഈ സ്ഥലത്ത് ഈ പദ്ധതി പ്രകാരം ശുചി മുറികൾ നിർമ്മിച്ചതിനാൽ ഈ പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യം കൈവരിക്കാൻ സാധിച്ചിട്ടില്ല. നിലവിൽ പദ്ധതി പ്രകാരം ഉണ്ടാക്കിയ ശുചിമുറികൾ ഉപയോഗിക്കാതെ കിടക്കുകയാണ്.

പൊതു ജനങ്ങൾക്കും പ്രത്യേകിച്ച് യാത്രക്കാർക്കും വേണ്ടി ലക്ഷ്യമിട്ടുള്ള ഈ പദ്ധതി പ്രൈമറി ഹെൽത്ത് സെന്റർ സ്ഥിതി ചെയ്യുന്ന കോമ്പൗണ്ടിനകത്ത് ചെയ്യതിന് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 12/1.11.21) മറുപടി ലഭ്യമാക്കിയില്ല. പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതും റിപ്പോർട്ടിനുള്ള ആദ്യ മറുപടിയിൽ ടേക്ക് എ ബ്രേക്ക് പദ്ധതി പ്രകാരം ഉണ്ടാക്കിയ ശുചി മുറികൾ നിഷ്ക്രിയ ആസ്തി ആയി മാറാതിരിക്കുവാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കേണ്ടതുമാണ്.

## 1-18 വനിത വ്യവസായ എസ്റ്റേറ്റ് - ലക്ഷങ്ങൾ മുടക്കി നിർമ്മിച്ച കെട്ടിടങ്ങൾ നാളിത് വരെ ഉപയോഗപ്പെടുത്തിയിട്ടില്ല.

കൽപകഞ്ചേരി ഗ്രാമ പഞ്ചായത്തിലെ നാലാം വാർഡിൽ സ്ഥിതി ചെയ്യുന്ന വനിതാ വ്യവസായ കേന്ദ്രം 2003-04 വർഷത്തിൽ നിർമ്മിച്ചതാണ്. ഗ്രാമ പഞ്ചായത്തിന്റെ ആസ്തിയായ 80 സെന്റ് സ്ഥലത്ത് ആകെ 759.68 ചതുരശ്ര മീറ്റർ വരുന്ന 5 കെട്ടിടങ്ങൾ വനിതാ വ്യവസായ കേന്ദ്രത്തിൽ സിഥിതി ചെയ്യുന്നു. വനിതകൾക്ക് വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിന് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുക എന്ന ലക്ഷ്യത്തോടെയാണ് കെട്ടിടങ്ങൾ പ്രത്യേകമായി നിർമ്മിച്ചത്. 2003-04 സാമ്പത്തിക വർഷത്തിൽ കെട്ടിടങ്ങളുടെ പണി പൂർത്തിയായെങ്കിലും 17 വർഷം കഴിഞ്ഞിട്ടും കെട്ടിടം ഉപയോഗപ്പെടുത്താൻ കഴിയാത്തത് ഗ്രാമ പഞ്ചായത്തിൽ മാറി മാറി വന്ന ഭരണ സമിതികളുടെ ഭാഗത്തു നിന്നുണ്ടായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. കെട്ടിടങ്ങൾ നിർമ്മിച്ച് 17 വർഷം കഴിഞ്ഞിട്ടും വൈദ്യുതി കണക്ഷൻ, കുടിവെള്ള സൗകര്യം, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ലഭ്യമാക്കി വനിതാ വ്യവസായ കേന്ദ്രത്തിലെ കെട്ടിടങ്ങൾ വാടകക്ക് നൽകി കെട്ടിടം ഉപയോഗപ്രദമാക്കുന്നതിന് ഗ്രാമ പഞ്ചായത്തിന് നാളിത് വരെ സാധിച്ചിട്ടില്ല.

വനിതാ വ്യവസായ കേന്ദ്രവുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന കാര്യങ്ങൾ ബോധ്യപ്പെട്ടു.

1.അസി.എഞ്ചിനീയർ, കെ.എസ്.ഇ.ബി. പുത്തനത്താണിയിലേക്ക് നൽകിയ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 10.1.2019 ലെ എ1/5895/16 നമ്പർ കത്ത് പ്രകാരം വനിത വ്യവസായ എസ്റ്റേറ്റിന് വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിന് 2004-05 വാർഷിക പദ്ധതിക്കാലത്ത് 78330 രൂപ (രസീത് നമ്പർ 65710210240004/2.12.2004) കെ.എസ്. ഇ.ബി. പുത്തനത്താണി ശാഖയിൽ നിക്ഷേപിച്ചിരുന്നു. എന്നാൽ നാളിതു വരെ വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്. മാലിന്യ മുക്ത കൽപകഞ്ചേരിയുമായി ബന്ധപ്പെട്ട് മെറ്റീരിയൽ കളക്ഷൻ സെന്ററായ വനിതാ വ്യവസായ കേന്ദ്രത്തിലേക്ക് മാലിന്യങ്ങൾ കൊണ്ടുപോവാനുള്ളതിനാൽ പ്രസ്തുത സ്ഥാപനത്തിലേക്ക് അടിയന്തിരമായി വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിന് ഗ്രാമ പഞ്ചായത്തിൽ നിന്നും പല തവണ കെ.എസ്.ഇ.ബി. പുത്തനത്താണിയിലേക്ക് കത്ത് അയച്ചിട്ടുണ്ട്. എന്നാൽ മറുപടി ലഭിക്കാത്തതിനാൽ 7.2.2020 ന് A2-5511/19 നമ്പർ കത്ത് പ്രകാരം ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സർക്കിൾ മഞ്ചേരിക്ക് പരാതി നൽകി. പരാതി 8.2.20 ന് ജനകീയ വൈദ്യുതി അദാലത്തിൽ വച്ച് പരിശോധിച്ച് മറുപടി നൽകാം എന്ന് അറിയിച്ചിട്ടുണ്ട്. ഇതിൻമേലുള്ള തുടർ നടപടി വിവരം അറിയിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല.

2. കെട്ടിടത്തിന് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് മുമ്പ് തന്നെ ഇതിലെ കെട്ടിടങ്ങൾ വാടകക്ക് നൽകുന്നതിനുള്ള കരട് ബൈലോ ഭരണ സമിതി അംഗീകരിച്ച് പൊതുജന അഭിപ്രായങ്ങൾക്കും നിർദേശങ്ങൾക്കും പ്രസിദ്ധീകരിച്ചിരുന്നു. നിശ്ചിത സമയത്തിനുള്ളിൽ ആക്ഷേപങ്ങളോ അഭിപ്രായങ്ങളോ ലഭിച്ചിട്ടില്ലാത്തതിനാൽ ബൈലോ അന്തിമമായി അംഗീകരിച്ച പഞ്ചാത്ത് ഡയറക്ടറുടെ അനുമതി ലഭ്യമാക്കുന്നതിന് തുടർനടപടി സ്വീകരിക്കുന്നതിന് സെക്രട്ടറിയെ 23.12.2019 ലെ 6 നമ്പർ ഭരണസമിതി തീരുമാനപ്രകാരം ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിൻമേലുള്ള തുടർ നടപടി വിവരം അറിയിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല.

3.എസ്.സി. വനിത വർക്ക് ഷെഡ് അനുവദിച്ചുതരണമെന്ന സരോജിനി തലശ്ശേരിപ്പറമ്പിൽ, അമ്പിളി കളത്തിങ്ങൽ, സരിത ചക്കിങ്ങൽതൊടി , ജയശ്രീ തലശ്ശേരിപ്പറമ്പിൽ എന്നിവരുടെ അപേക്ഷ പരിഗണിച്ച് പ്രതിമാസം 250 രൂപ നിരക്കിൽ 1 വർഷത്തേക്ക് ഒരു ഷെഡ് അനുവദിക്കുന്നതിന് തീരുമാനം എടുത്തു. ((29.6.17 ലെ 3ാം നമ്പർ ഭരണ സമിതി തീരുമാനം). കെട്ടിടങ്ങൾ വാടകക്ക് നൽകുന്നതിനുള്ള ബൈലോ തയ്യാറാക്കുന്നതിന് മുമ്പ് തന്നെ ഷെഡ് അനുവദിക്കുന്നതിന് തീരുമാനം എടുത്തു.

4. വനിതാ വ്യവസായ കേന്ദ്രത്തിലെ കെട്ടിടങ്ങൾ നിർമ്മിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും കെട്ടിടങ്ങൾ ഉപയോഗപ്പെടുത്താൻ കഴിയാത്ത സാഹചര്യങ്ങൾ അറിയിക്കുന്നതിനും വനിതാ വ്യവസായ കേന്ദ്രത്തിലെ കെട്ടിടങ്ങളിലേക്ക് വൈദ്യുതി കണക്ഷൻ , കുടിവെള്ളം എന്നിവ ലഭ്യമാക്കുന്നതിന് മറ്റ് പ്രോജക്റ്റുകൾ വച്ചിട്ടുണ്ടോ എന്ന് ആരാഞ്ഞതിനും മറുപടി ലഭ്യമാക്കിയില്ല.

5.ഏതാനും ദിവസങ്ങൾ മാത്രം ഹരിത കർമ്മ സേനയുടെ മെറ്റീരിയൽ കളക്ഷൻ സെന്റർ ആയി വനിതാ വ്യവസായ കേന്ദ്രത്തിലെ കെട്ടിടങ്ങൾ ഉപയോഗപ്പെടുത്തിയെങ്കിലും പ്രദേശവാസികളുടെ എതിർപ്പ് മൂലം പിന്നീട് മെറ്റീരിയൽ കളക്ഷൻ സെന്റർ അവിടുന്ന് മാറ്റി. ജനവാസ കേന്ദ്രത്തിലല്ലാതിരുന്നിട്ടും ഹരിത കർമ്മ സേനയുടെ പ്രവർത്തനത്തിന് കെട്ടിടം ഉപയോഗപ്പെടുത്താൻ കഴിഞ്ഞില്ല.

(AUDIT ENQUIRY No. 14/1.11.21)

വനിതാ വ്യവസായ കേന്ദ്രം പ്രവർത്തനക്ഷമമാക്കുന്നതിന് താഴെ കാണിച്ച നിർദ്ദേശങ്ങൾ പരിഗണിക്കേണ്ടതാണ്.

1. വൈദ്യുതി, കുടിവെള്ളം, ഗതാഗത സൗകര്യം, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഉറപ്പ് വരുത്തി നിലവിൽ നിഷ്ക്രിയ

ആസ്തിയായി കിടക്കുന്ന കെട്ടിടങ്ങൾ പ്രയോജനപ്പെടുത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. ഇതിന് വേണ്ടി വനിതാ വ്യവസായ കേന്ദ്രത്തിലേക്ക് അടിയന്തിരമായി വൈദ്യുതി കണക്ഷൻ, കുടിവെള്ള സൗകര്യം എന്നിവ ലഭ്യമാക്കുക

2. വനിതാ വ്യവസായ കേന്ദ്രത്തിലെ കെട്ടിടങ്ങൾ വാടകക്ക് നൽകുന്നതിനുള്ള ബൈലോക്ക് അംഗീകാരം ലഭ്യമാക്കുക.

3.കെട്ടിടത്തിലേക്ക് സംരംഭകരെ ആകർഷിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുക. സംരംഭങ്ങൾ തുടങ്ങുന്നതിനാവശ്യമായ സഹായ സഹകരണങ്ങൾ ഗ്രാമ പഞ്ചായത്തിന്റെ ഭാഗത്ത് നിന്നും ഉണ്ടാവുക. ഇത്തരത്തിലുള്ള പ്രോജക്ടുകൾ ആവിഷ്കരിക്കുക, സബ്സിഡി അനുവദിക്കുക, സംരഭങ്ങൾ തുടങ്ങുന്നതിന് ആവശ്യമായ വായ്പ ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുക

4.കുടുംബശ്രീ സംവിധാനം, തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ എന്നിവ പരമാവധി പ്രയോജനപ്പെടുത്തുക.

5. കെട്ടിടങ്ങൾ പരിപാലിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുക.
7.കെ.എസ്. ഇ.ബി. പുത്തനത്താണി ശാഖയിൽ വൈദ്യുതി കണക്ഷന് വേണ്ടി തുക മുൻപ് നിക്ഷേപിച്ചിരുന്നതിനാൽ വൈദ്യുതി കണക്ഷന് വേണ്ടി വീണ്ടും തുക ചെലവഴിക്കുന്നത് പരിശോധിക്കേണ്ടതാണ്.

വൈദ്യുതി, കുടിവെള്ളം, ഗതാഗത സൗകര്യം, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പ് വരുത്തി നിലവിൽ നിഷ്ക്രിയ ആസ്തിയായി കിടക്കുന്ന കെട്ടിടങ്ങൾ പ്രയോജനപ്പെടുത്തുന്നതിന് അടിയന്തിര നടപടി സ്വീകരിച്ച് ഓഡിറ്റ് റിപ്പോർട്ടിനുള്ള ആദ്യ മറുപടിയിൽ ഈ കെട്ടിടം പ്രയോജനപ്പെടുത്തുന്നതിന് വേണ്ടി സ്വീകരിച്ച തുടർനടപടികൾ അറിയിക്കേണ്ടതാണ്.

## 1-19 മരാമത്ത് പ്രവൃത്തി - പൊതു അപാകതകൾ

ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 2020-21 വർഷത്തിൽ ഏറ്റെടുത്ത മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിലും രേഖകൾ, രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലും കണ്ടെത്തിയ ന്യൂനതകൾ ചുവടെ ചേർക്കുന്നു.

1.കരാറുകാരനും നിർവ്വഹണോദ്യോഗസ്ഥനുമായി ഏർപ്പെടുന്ന കരാറുകളിൽ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി രേഖപ്പെടുത്തുന്നില്ല. പൂർത്തീകരണ കാലാവധി രേഖപ്പെടുത്താത്തതിനാൽ പദ്ധതികളുടെ പൂർത്തീകരണത്തിൽ കാലതാമസം ഉണ്ടാകുന്ന പക്ഷം ആവശ്യമായ നിയമനടപടികൾ സ്വീകരിക്കുന്നതിന് വിഷമം സൃഷ്ടിക്കും.

2.കരാർ രജിസ്റ്ററിൽ കരാർ പ്രകാരം പൂർത്തീകരിക്കേണ്ടതായ തീയതി (Agreed Date Of Completion)രേഖപ്പെടുത്തുന്നില്ല.

3.പി.ഡബ്ല്യു.ഡി മാന്വൽ സെക്ഷൻ 2113 പ്രകാരമുള്ള കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഫൈനൽ ബില്ലിനോടൊപ്പം തയ്യാറാക്കിയിട്ടില്ല.
4. 1997 ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ് ചട്ടങ്ങൾ) ചട്ടം 10 ഉപചട്ടം 10 പ്രകാരം തുറന്ന ടെണ്ടറുകൾ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ ടാബുലേറ്റ് ചെയ്ത് പഞ്ചായത്ത് എൽ.എസ്.ജി.ഡി എഞ്ചിനീയറുടെ അഭിപ്രായക്കുറിപ്പോടെ, ടെണ്ടർ സ്വീകരിക്കുന്നതിന് ക്ഷമതയുള്ള അധികാര സ്ഥാനത്തിന് സമർപ്പിക്കേണ്ടതാണ്. എന്നാൽ തൻവർഷം നിർവ്വഹണം നടത്തിയിട്ടുള്ള പ്രവൃത്തികളിൽ ടാബുലേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

5.മിക്ക ടെണ്ടറുകളിലും കരാറുകാർ ടെണ്ടർ തുക അക്കത്തിൽ മാത്രമാണ് രേഖപ്പെടുത്തുന്നത്, അക്ഷരത്തിൽ രേഖപ്പെടുത്തുന്നില്ല.

6.കരാറുകാരന് സൈറ്റ് ഹാൻഡ് ഓവർ ചെയ്ത രേഖ (Acknowledgement) മിക്ക പ്രവൃത്തികളുടെ ഫയലുകളിലും ചേർത്ത് വയ്ക്കുന്നില്ല. വച്ചവയിൽ തന്നെ തിയതി, കരാറുകാരന്റെ ഒപ്പ് എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

7.മിക്ക പ്രവൃത്തികളിലും സെലക്ഷൻ നോട്ടീസ് ഫയലുകളിൽ ചേർത്ത് വയ്ക്കുന്നില്ല.

8.മരാമത്ത് പ്രവൃത്തികളുടെ വിവരങ്ങൾ ഉൾപ്പെടുത്തിയ സൈറ്റ് ബോർഡ് പ്രവൃത്തി സ്ഥലങ്ങളിൽ വക്കുന്നില്ല. എസ്റ്റിമേറ്റുകളിൽ സൈറ്റ് ബോർഡിന് പ്രൊവിഷൻ വച്ചിട്ടില്ല.

9.വർക്ക് ഓർഡറിൽ സെലക്ഷൻ നോട്ടീസ് നമ്പർ, കരാറുടമ്പടി നമ്പർ, പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

## 1-20 ഇ. ടെണ്ടർ - ടെണ്ടർ ഫീ പഞ്ചായത്തിൽ വരവ് വന്നിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ

2020-21 വർഷത്തിൽ പഞ്ചായത്തിൽ ഏതാനും പ്രവൃത്തികൾ ഇ ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത കരാറുകാരെ പ്രവൃത്തി ഏൽപിച്ച് നൽകിയിട്ടുണ്ട്. എന്നാൽ ഈ പ്രവൃത്തികളുടെ ടെണ്ടർ ഫീ ഇനത്തിൽ കരാറുകാർ അടവാക്കിയ തുക പഞ്ചായത്ത് ഫണ്ടിൽ അടവ് വന്നതായി കാണുന്നില്ല.. GO(MS)3186/2017/LSGD തി. 2.10.17 ഉത്തരവ് പ്രകാരം E-Tender ആവശ്യത്തിനായി SBI യിൽ അക്കൗണ്ട് തുടങ്ങാൻ നിർദേശിച്ചിട്ടുണ്ട്. മേൽ നിർദേശം പാലിക്കുകയോ, ഇ ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫീ ഇനത്തിൽ നാളിതുവരെ പഞ്ചായത്തിന് ലഭിക്കാനുള്ള തുകയുടെ വർഷം തിരിച്ച വിവരം കണക്കാക്കി അത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ അറിയിക്കേണ്ടതാണ് എന്നറിയിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല (AUDIT ENQUIRY No. 9 / 29.10.21 (2020-21)). അപാകതകൾ പരിഹരിച്ച് ഓഡിറ്റ് റിപ്പോർട്ടിനുള്ള ആദ്യ മറുപടിയിൽ അറിയിക്കേണ്ടതാണ്.

## 1-21 പൊതുമരാമത്ത് പ്രവൃത്തികൾ- അവലോകനം

നിർവഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനീയർ

I) പ്രവൃത്തികൾ പൂർണ്ണമായി നടപ്പാക്കുന്നില്ല

2020-21 വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 121 പ്രൊജക്ടുകളാണ് (സ്പിൽ ഓവർ ഉൾപ്പെടെ) തയ്യാറാക്കിയത്. ഇതിൽ 96 പ്രൊജക്ടുകളിലായി ആകെ 2,48,42,630 രൂപ മാത്രമാണ് ചെലവഴിക്കാനായത്.

| | | | |
|---|---|---|---|
| ആകെ പദ്ധതി | 121 | ആകെ അടങ്കൽ | 3,87,70,529 |
| നടപ്പിലാക്കിയത് | 96 | ചെലവ് | 2,48,42,630 |
| ശതമാനം | 79.33 | ചെലവ് ശതമാനം | 64.07 |

മേൽ പദ്ധതികളിൽ 54 എണ്ണം സ്പിൽ ഓവർ പ്രവൃത്തികളാണ്. ഇതിൽ 04 പ്രവൃത്തികൾ ഈ വർഷത്തിലും നിർവഹിക്കാൻ സാധിച്ചിട്ടില്ല. ഗ്രാമ പഞ്ചായത്തിന് സ്ഥിരം എഞ്ചിനീയറുടെ സേവനം ലഭ്യമായിട്ടില്ല.. തൻവർഷത്തിൽ മറ്റൊരു ഗ്രാമ പഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനിയർ ഈ പഞ്ചായത്തിൽ ചാർജ് വഹിക്കുകയാണ് ചെയ്തത്. അസിസ്റ്റന്റ് എഞ്ചിനിയർ, രണ്ട് ഓവർസിയർമാർ എന്നീ സാങ്കേതിക ജീവനക്കാർക്ക് നടപ്പാക്കാവുന്നതിലും വളരെയധികം പ്രൊജക്ടുകൾ ഏറ്റെടുക്കുന്നതാണ് ഇത്തരത്തിൽ വളരെയധികം പ്രൊജക്ടുകൾ നടപ്പാക്കാതെ വരുന്നതിനും പലപ്പോഴും പദ്ധതിപ്പണം ലാപ്സാവുന്നതിനും ഇടയാക്കുന്നത്. ഇത്തരത്തിൽ കൂടുതലായി പ്രൊജക്ടുകൾ ഏറ്റെടുക്കുന്നത് ഒഴിവാക്കാൻ ശ്രമിക്കേണ്ടതാണ്.

II.റോഡ് കണക്ടിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയില്ല .

ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കണമെന്ന് പദ്ധതി മാർഗ്ഗരേഖയിൽ നിർദേശിച്ചതാണെങ്കിലും ആയത് തയ്യാറാക്കിയിട്ടില്ല. കൂടാതെ മരാമത്ത് പ്രവൃത്തികൾ നടപ്പാക്കുമ്പോൾ പഞ്ചായത്തിന്റെ ആസ്തിയിൽ തന്നെയാണോ പ്രവൃത്തി ചെയ്തത് എന്ന് ഉറപ്പ് വരുത്തുന്നതിനുള്ള രേഖകളൊന്നും (ആസ്തി കൈമാറിയ രേഖ/ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയതിന്റെ വിവരം) പ്രൊജക്ടിൽ സൂക്ഷിച്ചിട്ടില്ല.

പ്രവൃത്തി നടത്തുന്നത് പഞ്ചായത്തിന്റെ ആസ്തിയിൽത്തന്നെയാണോ എന്നത് ഉറപ്പ് വരുത്തുന്നതിനാവശ്യമായ രേഖകളും കണക്ടിവിറ്റി മാപ്പും തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

111)രജിസ്റ്ററുകളുടെ പരിപാലനം

എം ബുക്ക് രജിസ്റ്റർ, കരാറുകാരുടെ രജിസ്ട്രേഷൻ രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

## 1-22 അഗതി രഹിത കേരളം പദ്ധതി നടത്തിപ്പിൽ പുരോഗതി ഇല്ല.

സംസ്ഥാനത്ത് ഏറ്റവും പ്രയാസം അനുഭവിക്കുന്ന അഗതി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതിയാണ് അഗതി രഹിത കേരളം പദ്ധതി. സർക്കാർ നിശ്ചയിച്ച പ്രത്യേക മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കി കുടുംബശ്രീ മുഖേന സർവേ നടത്തിയാണ് അഗതി കുടുംബങ്ങളെ തെരഞ്ഞെടുക്കുന്നത് എന്നതിനാൽ ഏറ്റവും അർഹരായവർ മാത്രമാണ് പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളായി തെരഞ്ഞെടുക്കപ്പെടേണ്ടത്.

പദ്ധതിയുടെ വിശദ വിവരങ്ങൾ താഴെ നൽകുന്നു .

ഗുണഭോക്താക്കൾ - 77

ആകെ അടങ്കൽ - 1,28,21940

I - വിവിധ പ്രവർത്തനങ്ങൾക്കായുള്ള പണം വകയിരുത്തൽ

| | |
|---|---|
| ഭക്ഷണം | 2061600 |
| ചികിത്സ | 288000 |
| ഭവന നിർമ്മാണം | 52,00,000 |
| വിദ്യാഭ്യാസം | 11,88,000 |
| ഭവന പുനരുദ്ധാരണം | 34,00,000 |
| സ്ഥലം വാങ്ങൽ | 4,00,000 |
| കുടിവെള്ളം | 72000 |
| ശൗചാലയം | 36000 |
| റിസർവ് ഫണ്ട് | 176340 |
| ആകെ | 1,28,21940 |

II- ചെലവ് വിവരം

2018-19 വർഷത്തിൽ ആരംഭിച്ച ഈ പദ്ധതിയുടെ നാളിതുവരെയുള്ള വരവ് ചെലവ് വിവരങ്ങൾ താഴെ നൽകുന്നു.

| ഇനം | വരവ് | ചെലവ് |
|---|---|---|
| ചലഞ്ച് ഫണ്ട് | 11,69,504 | 11,46,768 |
| പ്ലാൻ ഫണ്ട് | 500000 | 500000 |

ചെലവിന്റെ ഇനം തിരിച്ച വിവരം താഴെ നൽകുന്നു.

| | |
|---|---|
| ഭക്ഷണം | 11,46,768 |
| ഭവന പുനരുദ്ധാരണം | 500000 |

III- അംഗീകരിക്കപ്പെട്ട രീതിയിൽ പ്രൊജക്റ്റ് നടപ്പാക്കുന്നില്ല

ഭക്ഷണം, വിദ്യാഭ്യാസം, ചികിത്സ, ഭവന നിർമ്മാണം, പുനരുദ്ധാരണം തുടങ്ങി വിവിധ പ്രവർത്തനങ്ങൾ പ്രൊജക്റ്റിൽ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ഗുണഭോക്താക്കൾക്ക് ഭക്ഷണ കിറ്റ് വിതരണം ചെയ്യുക, ഭവന പുനരുദ്ധാരണം എന്നിവക്ക് മാത്രമാണ് ഈ പ്രൊജക്റ്റിൽ ചെലവ് നടന്നിട്ടുള്ളത്.

പ്ലാൻ ഫണ്ട് ഇനത്തിൽ 2019-20,2020-21 വർഷങ്ങളിലായി 5 ലക്ഷം രൂപ മാത്രമാണ് നാളിതുവരെ ചെലവഴിച്ചത്.

മൂന്ന് വർഷം കൊണ്ട് പൂർത്തീകരിക്കേണ്ട ഈ പദ്ധതി ആരംഭിച്ച് രണ്ട് വർഷം കഴിഞ്ഞിട്ടും പദ്ധതി നടത്തിപ്പിൽ ഒട്ടും പുരോഗതി ഇല്ല എന്നാണ് നടത്തിപ്പ് രേഖകൾ പരിശോധിച്ചതിൽ നിന്ന് വ്യക്തമാകുന്നത്. ആദ്യ രണ്ട് വർഷങ്ങളിലായി കേവലം 5 ലക്ഷം രൂപ മാത്രമാണ് പഞ്ചായത്ത് വകയിരുത്തിയത്. ഭവന രഹിതരായ അഗതി കുടുംബങ്ങളെ പുനരധിവസിപ്പിക്കാൻ 52ലക്ഷം രൂപ വകയിരുത്തിയതിൽ രണ്ട് വർഷ കാലയളവിൽ ഒരാൾക്ക് പോലും ആനുകൂല്യം നൽകാനായിട്ടില്ല. അഗതി കുടുംബങ്ങൾക്ക് പ്രൊജക്റ്റിലൂടെ നൽകിയ സുരക്ഷിതമായ ഭവനമെന്ന വാഗ്ദാനം നിറവേറ്റാൻ ഗ്രാമപഞ്ചായത്തിന്റെ ഭാഗത്ത് നിന്നും യാതൊരു നടപടിയുമുണ്ടായില്ല.

പഞ്ചായത്തിലെ ഏറ്റവും ബുദ്ധിമുട്ടനുഭവിക്കുന്നവർക്ക് വേണ്ടി തയ്യാറാക്കിയ പദ്ധതിക്ക് ഫണ്ട് അനുവദിക്കുന്നതിലും , അനുവദിച്ച ഫണ്ട് യഥാ സമയം വിനിയോഗിക്കുന്നതിലും പഞ്ചായത്ത് ശ്രദ്ധ ചെലുത്തിയിട്ടില്ല എന്ന് വ്യക്തമാണ്. പഞ്ചായത്തിലെ അശരണരായ ഗുണഭോക്താക്കൾക്ക് ആവശ്യമായ സഹായങ്ങൾ നൽകുന്നതിനുള്ള ഈ പ്രൊജക്റ്റ് സർക്കാർ നിർദ്ദേശങ്ങൾ പാലിച്ച് സമയബന്ധിതമായി നടപ്പാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-23 ആയുർവേദാശുപത്രി നവീകരണം-സർക്കാർ അനുമതി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്

പ്രൊജക്റ്റ് – ആയുർവേദാശുപത്രി നവീകരണം
നമ്പർ – S207/2021
അടങ്കൽ – 1,91,424 (MG-NR)
ബിൽ നം. 01/03-09-2020 : 1,91,424
ആയുർവേദ മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ മേൽ പ്രൊജക്റ്റ് പ്രകാരം KADCO, കോഴിക്കോടിൽ നിന്നും ടെണ്ടർ നടപടികൾ കൂടാതെ താഴെപ്പറയുന്നവ ഇൻ വോയ്സ് നം.NRO/WC-SALES/14/26-10-2019 പ്രകാരം വാങ്ങിയിട്ടുണ്ട്. :

| Sl. No. | Item | Met. Sq. | Rate | Total |
|---|---|---|---|---|
| 1 | Aluminium Fabrication Work | 7 | 5556 | 38892 |
| 2 | Wall Rack | 1.25 | 17546 | 21932.5 |
| 3 | Aluminium Fabrication Work | 0.55 | 5556 | 3055.8 |
| 4 | Medicine Rack-Aluminium Fabrication Work | 13.6 | 5556 | 75561.6 |
| 5 | Medicine Rack-Aluminium Fabrication Work | 4.4 | 5556 | 24446.4 |

18% GSTയും ഫ്ലഡ് സെസും ഉൾപ്പടെ 1,91,424 രൂപയിൽ പരിമിതപ്പെടുത്തി KADCO, കോഴിക്കോടിന് നൽകിയിട്ടുണ്ട്. മേൽ ഇനങ്ങൾ ടെണ്ടർ നടപടികൾ കൂടാതെ വാങ്ങുന്നതിന് സർക്കാർ അനുമതി ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. 01/22-10-2021 -ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക 1,91,424 രൂപ തടസ്സം ചെയ്യുന്നു.

## 1-24 രജിസ്റ്ററുകളുടെ പരിപാലനം തൃപ്തികരമല്ല

1. തെരുവ് വിളക്കുകളുമായി ബന്ധപ്പെട്ട് പരാതി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല .

2. ലേല രജിസ്റ്റർ പരിപാലിക്കുന്നില്ല

3. ആസ്തി രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല .

4. ഓഡിറ്റ് റിക്കവറി രജിസ്റ്റർ എഴുതി തയ്യാറാക്കിയിട്ടില്ല .

5. ഗ്രാമ പഞ്ചായത്തിൽ വിവിധ തരം ഓഡിറ്റുകൾ നടക്കുന്നുണ്ടെങ്കിലും ഓഡിറ്റ് തടസ്സങ്ങളും തീർപ്പാക്കിയ വിവരങ്ങളും

കാണിച്ച കൊണ്ടുള്ള ഓഡിറ്റ് റിപ്പോർട്ട് പരിപാലിച്ചിട്ടില്ല .

6. ലോൺ രജിസ്റ്ററിൽ വായ്പ എടുത്തതിന്റെയും അടവ് വിവരങ്ങളുടെയും വിശദാംശങ്ങൾ രേഖപ്പെടുത്തുന്നില്ല .

7.ഡെപ്പോസിറ്റ് രജിസ്റ്റർ , അഡ്വാൻസ് രജിസ്റ്റർ എന്നിവ അപൂർണ്ണമാണ് .

മേൽ രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതാണ് .

## 1-25 ഭവന പുനരുദ്ധാരണം- പ്രൊജക്റ്റ് നിർവ്വഹണത്തിലെ അപാകത

നിർവ്വഹണോദ്യോഗസ്ഥൻ- വി.ഇ.ഒ

പ്രൊജക്റ്റ് - ഭവന പുനരുദ്ധാരണം (ജനറൽ)

പ്രൊജക്റ്റ് നമ്പർ- SO 59/21

അടങ്കൽ- 4,06,000 (Plan) + 44,000 (തനത് ഫണ്ട്)

പദ്ധതി പ്രകാരം വികസന ഫണ്ടിൽ നിന്നും 7 ട്രഷറി ബില്ലുകളിലായി 3,25,000 രൂപ പിൻവലിച്ച് 13 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. പദ്ധതി സബ്സിഡി മാർഗ്ഗരേഖ പ്രകാരം ഒരു ഗുണഭോക്താവിന് മേൽ പ്രൊജക്റ്റിന് പരമാവധി 1 ലക്ഷം രൂപ വരെ ധനസഹായം നൽകാവുന്ന വാസയോഗ്യമല്ലാത്ത ഭവനം വാസ യോഗ്യമാക്കൽ എന്ന സബ്സിഡി മാർഗ്ഗരേഖയിലെ 6.7.6 നമ്പർ ഇനം പ്രോജക്റ്റ് പേരു മാറ്റി ആവിഷ്കരിച്ച എന്നാണ് മനസ്സിലാകുന്നത്. കേവല ഭവന റിപ്പയർ പ്രവൃത്തി സബ്സിഡി മാർഗ്ഗരേഖ പ്രകാരം നിർദ്ദേശിക്കപ്പെട്ടിട്ടില്ല.

പദ്ധതി നിർവ്വഹണത്തിൽ ചുവടെ ചേർത്തിട്ടുള്ള അപാകതകൾ കാണുന്നു.

1.വാസയോഗ്യമല്ലാത്ത ഭവനം വാസ യോഗ്യമാക്കുന്നതിന് മാത്രമാണ് ഈ ധന സഹായത്തിന് അർഹതയുള്ളത്. ആനുകൂല്യം നൽകപ്പെട്ട വീടുകൾ വാസയോഗ്യമല്ലാത്തവയായിരുന്നു എന്നുറപ്പാക്കുന്ന സാക്ഷ്യപത്രങ്ങൾ അപേക്ഷകളുടെ കൂടെ ഹാജരാക്കിയിട്ടില്ല. മാത്രമല്ല പ്രസ്തുത ഭവനങ്ങളിൽ താമസിച്ചു വന്നിരുന്നവർ തന്നെയാണ് അപേക്ഷകർ. യഥാർത്ഥത്തിൽ ഭവനങ്ങളുടെ നാമമാത്ര അറ്റകുറ്റപ്പണികളാണ് നടത്തിയിരിക്കുന്നത്. ആയത് സബ്സിഡി മാർഗ്ഗരേഖയിൽ വിഭാവനം ചെയ്ത പദ്ധതിയുടെ ലക്ഷ്യം കൈവരിക്കുന്നതിന് പര്യാപ്തമല്ല.

2. ഭാര്യയുടെയും ഭർത്താവിന്റെയും പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്കായിരിക്കണം തുക നൽകേണ്ടത്. എന്നാൽ സംയുക്ത അക്കൗണ്ടുകളിലേയ്ക്കല്ല ധനസഹായം നൽകിയിട്ടുള്ളത്.

അപാകതകൾ സംബന്ധിച്ച് വിശദീകരണം നൽകേണ്ടതിന് ഓഡിറ്റ് എൻക്വയറി( നം. 11/ 01.11.2021) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. സബ്സിഡി മാർഗ്ഗരേഖയുടെ അന്തസ്സത്ത ഉൾക്കൊണ്ട് പദ്ധതികൾ നടപ്പിലാക്കേണ്ടതാണ്.

## 1-26 വീടിന്റെ മേൽക്കൂര മാറ്റൽ (ജനറൽ)-പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല.

നിർവ്വഹണോദ്യോഗസ്ഥൻ- വി.ഇ.ഒ

പ്രൊജക്ട് - വീടിന്റെ മേൽക്കൂര മാറ്റൽ (ജനറൽ)

പ്രൊജക്ട് നമ്പർ- 24/21

അടങ്കൽ- 9,50,000 (Plan)

ചെലവ് വിവരം:

1)ട്രഷറി ബിൽ (BRN): 313984/22.3.21 തുക 50,000 (2ഗുണഭോക്താക്കൾക്ക് 25,000/-വീതം)

2)ട്രഷറി ബിൽ (BRN): 1175585/2.3.21 തുക 4,00,000 (16ഗുണഭോക്താക്കൾക്ക് 25,000/-വീതം)

ആകെ: 4,50,000

ഒരു ഗുണഭോക്താവിന് 50,000 രൂപ വീതം ധനസഹായം നൽകുന്നതിന് ആവിഷ്കരിച്ച് ഭാഗികമായി തൻവർഷം നടപ്പാക്കിയ പ്രോജക്ട് പ്രകാരം ശ്രീ.ബീരാൻ കാവുങ്ങൽ (വാർഡ് 7) എന്ന ഗുണഭോക്താവിന് ക്രമ നമ്പർ 2 ബിൽ പ്രകാരം 25000 രൂപ ആദ്യഗഡു നൽകിയിട്ടുണ്ട്. ഓഡിറ്റ് സമയത്തും പ്രസ്തുത ഗുണഭോക്താവ് പ്രവൃത്തി പൂർത്തിയാക്കി അവസാന ഗഡു കൈപ്പറ്റിയിട്ടില്ല.പ്രവൃത്തി നടത്താത്തതിനാൽ ടിയാന് അനുവദിച്ച മുൻകൂർ തുക തിരിച്ചു പിടിക്കാൻ സ്വീകരിച്ച നടപടി വിവരം ലഭ്യമാക്കേണ്ടതിന് ഓഡിറ്റ് എൻക്വയറി (നം. 10/ 01.11.2021)നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

പ്രവൃത്തി പൂർത്തിയാക്കുകയോ അല്ലാത്ത പക്ഷം കൈപ്പറ്റിയ മുൻകൂർ തുക തിരികെ ഈടാക്കുകയോ ചെയ്ത് വിവരം ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ഹോമിയോ ഹോസ്പിറ്റൽ കെട്ടിട നിർമ്മാണം - അപാകത -കരാറുകാരന് അധികം അനുവദിച്ചത് 3110 രൂപ

നിർവഹണ ഉദ്യോഗസ്ഥൻ -അസി.എഞ്ചിനീയർ

പ്രൊജക്ട് നം : SO213/21

അടങ്കൽ : 44,00,000 (TS No.111410/2018/19)

ഫണ്ട് : CSR Fund (Airport Authority) – 42,00,000

Own Fund – 2,00,000

ചെലവ് : 38,13,472

ചെക്ക് നമ്പർ - 067169/27.1.20 – 1541009 (CSR Fund) (Part Bill 19-20)

067188/28.7.20 – 600494 (Own Fund)

226826/14.10.20 – 249677 (CSR Fund)

270734/22.1.21 – 1422292 (CSR Fund)

കരാർ നം : AE/LSGD/KLPY/175/18-19 തീയ്യതി.8.3.19

എംബുക്ക് നം: 160/19-20,161/19-20,162/19-20,165/19-20,

DSOR : 2016 Coi.37.25%

കരാറുകാരൻ : സൈതാലിക്കുട്ടി

Esti. No.- 2018/127493

മേൽ പ്രവൃത്തി ഗ്രാ പ. ഓവർസിയറുടെ (അസി.എഞ്ചിനീയർ ചുമതലപ്പെടുത്തിയ) സാന്നിദ്ധ്യത്തിൽ 30.10.21 ന് നേരിൽ

പരിശോധിച്ചു. കെട്ടിടത്തിൽ MS ബാർ (Welded Grill Type) കൊണ്ടുള്ള ജനവാതിലുകൾ ചെയ്തതിനും കെട്ടിടത്തിന് മുന്നിൽ ഗേറ്റ് നിർമ്മിച്ചതിനും പ്രവൃത്തിയുടെ ഇനം 51 പ്രകാരം DSR Code 9.48.1 പ്രകാരമുള്ള നിരക്ക് അനുവദിച്ച് താഴെ പറയും പ്രകാരം തുക നൽകിയിട്ടുണ്ട് (അളവ് പുസ്തകം 162/19-20 പേജ് 45).

773.69 Kg X 110/kg (143.63/kg-23.42%Tender Below)= 85105.9

ബിൽഡിംഗുമായി ബന്ധപ്പെട്ട വിൻഡോ പ്രവർത്തികൾക്കും മറ്റുമാണ് DSR Code 9.48.1 ഇനം അനുവദിക്കാവുന്നത്. ഈ പ്രവൃത്തിയിൽ സ്ക്വയർ GI പൈപ്പ് ഉപയോഗിച്ച് കൊണ്ട് ഗേറ്റ് ഉണ്ടാക്കിയതിനും ഈ നിരക്ക് അനുവദിച്ചു. Gate പ്രവൃത്തികൾക്ക് അനുവദിക്കാവുന്നത് DSR Code 10.25.2 പ്രകാരമുള്ള നിരക്കാണ് . ആയതിനാൽ ഗേറ്റ് നിർമ്മിച്ചതിന് അനുവദിക്കാവുന്ന നിരക്ക് 117.96/kg ആണ്. ഇത് പ്രകാരം കരാറുകാരന് അനുവദിക്കാവുന്ന തുക താഴെ പറയുന്നു.

615.58 Kg X 110/kg = 67713.80

158.11kg (ഗേറ്റ്)x 90.33/kg (117.96/kg-23.42%Tender Below) = 14282.07

ആകെ - 81995.87

കരാറുകാരന് അധികം അനുവദിച്ചത് = 3110 (85105.9 - 81995.87)

CSR ഫണ്ട് ഇനത്തിൽ ലഭ്യമായിട്ടുള്ളത് 33,98000 രൂപയാണ് (RT No.119030400001/1.4.19-20,78000 രൂപ, 118130900052/28.11.18-13,20000 രൂപ). എന്നാൽ പദ്ധതിക്ക് വകയിരിത്തിയതിലും കൂടുതൽ തുക തനത് ഫണ്ടിൽ നിന്നും അനുവദിച്ചു.

മേൽ അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 13 /1.11.21) മറുപടി ലഭ്യമാക്കിയില്ല. പ്രവൃത്തിയിൽ അധികമായി അനുവദിച്ച 3110 രൂപ കരാറുകാരനിൽ നിന്നോ അല്ലാത്ത പക്ഷം പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസി.എഞ്ചിനീയറിൽ നിന്നും അംഗീകാരം നൽകിയ അസി.എക്സി.എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | 2020-21 വാർഷിക ഓഡിറ്റ് വേളയിൽ വാർഷികധനകാര്യ പത്രികയുടെ പരിശോധന നടത്തി | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | മുൻ ബാക്കി | ലഭിച്ച തുക | പ്രൊജക്ടിന്റെ നം,പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 0 | | 17/21,ശാരീരിക,മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 550000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 8,95,157 | 20,99,910 | 45/21,നെൽകൃഷിക്ക് വിത്തും വളവും കൂലി ചെലവിന് സഹായവും | 74910 | 11,95,157 |
| | | | 27/21, കിടപ്പിലായ രോഗികൾക്ക് സഹായം | 38647 | |
| | | | 31/21,ലൈഫ് ഭവന പദ്ധതി സ്ഥലം വാങ്ങൽ (എസ്.സി) | 225000 | |
| | | | 17/21,ശാരീരിക,മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 250000 | |

| | | | | | |
|---|---|---|---|---|---|
| | | | 199/21,തോഴന്നൂർ ഈസ്റ്റ് റോയൽ ബ്രിഡ്ജ് റോഡ് കോൺക്രീറ്റ് | 250000 | |
| | | | 200/21,കല്ലിങ്ങൽ-വലിയതോട് റോഡ് കോൺക്രീറ്റ് | 250000 | |
| | | | 201/21, കാനാഞ്ചേരി-ബോർഡ് കളം കോൺക്രീറ്റ് | 250000 | |
| | | | 202/21, പറവന്നൂർ ചോല-കളത്തിലകത്ത് റോഡ് കോൺക്രീറ്റ് | 250000 | |
| | | | 216/21,കാഞ്ഞിരത്തടം-കിഴക്കേപുറം റോഡ് കോൺക്രീറ്റ് | 250000 | |
| ആകെ | | | | 2388557 | |

കുറിപ്പ്: IKM ചെലവ് പത്രിക പ്രകാരം ആകെ ചെലവ് (ബ്ലോക്ക് പഞ്ചായത്ത് വിഹിതം): 1838557 രൂപയാണ് ബാലൻസ് 11,56,510. എന്നാൽ B-4 ഷെഡ്യൂൾ പ്രകാരം 11,95,157 രൂപയാണ്. 38,647 രൂപയുടെ വ്യത്യാസമുണ്ട്.

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 198/21,സ്ട്രീറ്റ് മെയിൻ വലിക്കൽ | 38/28.4.2020 | 5,70,000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 5,70,000 |
| കേരള വാട്ടർ അതോറിറ്റി | 263/21,ജലജീവൻ മിഷൻ വിഹിതം നൽകൽ | 171/09.02.2021 | 22,46,522 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 22,46,522 |
| ആകെ | | | 28,16,522 | | 28,16,522 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |

| | | | | | | |
|---|---|---|---|---|---|---|
| ലൈഫ് പദ്ധതി | -- | -- | 22334 | 22334 | | 0 |

## 4-6 സ്ഥിര നിക്ഷേപം

.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 5193220 |
| തൻവർഷം നിക്ഷേപിച്ച തുക | 179120 |
| ആകെ | 5372340 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 5372340 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നം |
|---|---|---|
| FD(KSCB) | 5372340 | 2829 മുതൽ 2833 വരെ (5 എണ്ണം) |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 8750/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2018-19 | 1-16 | 8750 | അസി.എഞ്ചിനീയർ, എൽ.എസ്.ജി.ഡി | 120030100836/24.6.2020 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിററ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിററ് നിയമം 23 -ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളിൽ തീർപ്പാക്കാനവശേഷിക്കുന്നവയുടെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 1999-2000 | 33 | 2003-04 | 40(2) | മരം ലേലം 18294/- രൂപ |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 7,01,52,402 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 9,44,07,205 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 3110 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4365462 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 3110 | ശ്രീമതി.ലക്ഷ്മി.ഒ., അസി.എഞ്ചിനീയർ (1555 രൂപ)<br>ശ്രീ.മനോജ് കുമാർ.എം.എസ്, (1555 രൂപ) അസി.എക്സി.എഞ്ചിനീയർ |
| ആകെ | | 3110 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 29,77,038 | ശ്രീ.അബൂഫൈസൽ.കെ., സെക്രട്ടറി |
| 1-14 | 11,97,000 | ശ്രീ.അബൂഫൈസൽ.കെ., സെക്രട്ടറി |
| 1-23 | 1,91,424 | ശ്രീ.ഷിഹാബുദ്ധീൻ,മെഡിക്കൽ ഓഫീസർ (ആയുർവേദം) |
| ആകെ | 4365462 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.ലക്ഷ്മി.ഒ., അസി.എഞ്ചിനീയർ | മുനിസിപ്പൽ എഞ്ചിനീയർ, വളാഞ്ചേരി നഗരസഭ. | ഹരീഷ് ഭവൻ, വെള്ളിമൺ (PO), കൊല്ലം. |
| ശ്രീ.മനോജ് കുമാർ.എം.എസ്, അസി.എക്സി.എഞ്ചിനീയർ | അസി.എക്സി.എഞ്ചിനീയർ കുറ്റിപ്പുറം ബ്ലോ.പ | അശ്വതി.ടി.സി 6/1544(6) ഐത്തടി റോഡ് പ്രശാന്ത് നഗർ |

| | | |
|---|---|---|
| | | തിരുവനന്തപുരം |
| | | |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1989-90 മുതൽ 1990-91 വരെ | എൽ.എഫ്.എം.5/971/97, തീ. 10-10-10 | 8 |
| 1996-97 | -ടി- | 3 |
| 1998-99 | -ടി- | 9 |
| 1999-00 | -ടി- | 10 |
| 2000-01 | -ടി- | 1 |
| 2001-02 | -ടി- | 4 |
| 2005-06 | എൽഎഫ്.എം.11/783/10 , തീ. 30-10-10 | 6 |
| 2006-07 | എൽഎഫ്.എം.11/784/10 , തീ. 30-10-10 | 11 |
| 2007-08 | എൽ.എഫ്.എം.15/1407/10, തീ. 21-5-12 | 14 |
| 2008-09 മുതൽ 2010-11 വരെ | കെ.എസ്.എ.എം.പി.എം.15/2946/18 തീ. 05-03-18 | 18 |
| 2011-12മുതൽ 2012-13വരെ | കെ.എസ്.എ.എം.പി.എം.15/3065/15, തീ. 02-02-16 | 12 |
| 2013-14 To 2014-15 | കെ.എസ്.എ.എം.പി.എം.15/2139/16, തീ. 09-08-16 | 30 |
| 2015-16 | നം.കെ.എസ്.എ.എം.പി.എം15/3269/2016 തി.31-01-2017 | 15 |
| 2016-17 | കെ.എസ്.എ എം.പി.എം10/2043/17 തിയതി 01.11.2017 | 09 |
| 2017-18 | കെ.എസ്.എ.എം.പി.എം 10/2632/2018 തിയതി 07.06.2019 | 23 |
| 2018-19 | കെ.എസ്.എ.എം.പി.എം 10/26/2020 തിയതി 24.09.20 | 13 |
| 2019-20 | കെ.എസ്.എ.എം.പി.എം10/1800/2021 തിയതി | 18 |

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ കൽപ്പകഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ കൽപ്പകഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്